بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 21.11.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*21.11.14 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ലോകത്തിന്റെ കർമങ്ങൾ ഇപ്പോൾ അല്ലാഹുവിൽനിന്ന് അകന്നുകൊണ്ടിരിക്കുകയാണ്. അകന്നുകൊണ്ടിരിക്കുന്നുവെന്ന് മാത്രമല്ല പ്രത്യുത അക്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. അത് ഈ വിപത്തുകളെ വീണ്ടും വിളിച്ചുവരുത്തുന്നതിനുവേണ്ടി സ്വയം അവരുടെ കർമങ്ങൾ ധിറുതി കാണിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ.' അഹ്മദികൾക്ക് ദുആ ചെയ്യുന്നതിന് തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ കർമങ്ങൾ നേരായ രീതിയിൽ വെക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.**

തശ്ശഹുദും തഅവ്വുദും സൂറാ ഫാത്തിഹ തിലാവത്തിനും ശേഷം ഹുസൂർ അയ്യദുല്ലാഹു തഅല ബിനസിരിൽ അസീസ് പറഞ്ഞു: ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില നിർദേശങ്ങളും ലിഖിത ശകലങ്ങളും ഞാൻ കേൾപിക്കുന്നതാണ്. ഇതിൽ ആ മഹാത്മാവ് ദുആ സ്വീകാര്യതയുടെ കുറച്ചു സംഭവങ്ങളും അടയാളങ്ങളും അല്ലാഹുവിന്റെ സഹായങ്ങളുമാണ് വിവരിച്ചിരിക്കുന്നത്. അല്ലാഹു ഇക്കാലത്ത് തന്നെ അയച്ചിരിക്കുന്നുവെന്നും, തന്റെ ദൂതനെ അയച്ചിരിക്കുന്നുവെന്നും താൻ പറയുന്ന കാര്യങ്ങൾ കേൾക്കുന്നതിലാണ് അനുഗ്രഹമുള്ളതെന്നും ഉപദേശിക്കുകയും ചെയ്തു. ഈ ജമാഅത്തിന്റെ അഭിവൃദ്ധി അല്ലാഹുവിന്റെ വിധികളിൽ ഒരു വിധിയാണ്. അദ്ദേഹത്തെ വിശ്വസിക്കുന്നതിലാണ് മനുഷ്യന് രക്ഷയുള്ളത്.

ഒരിടത്ത് ലുധിയാന റഈസായ നവാബ് മുഹമ്മദലി ഖാൻ സാഹിബിന്റെ ഒരു കത്തിനെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് പറയുന്നു: 'ഒരിക്കൽ ലുധിയാന റഈസായ നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ് തന്റെ ചില വരുമാനമാർഗങ്ങൾ അടഞ്ഞുപോയിരിക്കുന്നു, തന്റെ വിഷമങ്ങൾ അകലുന്നതിനുവേണ്ടി ദുആ ചെയ്യുക എന്നു പറഞ്ഞുകൊണ്ട് എനിക്കൊരു കത്തെഴുതി.' (തൊഴിലുപരമായ ചില ബുദ്ധിമുട്ടുകൾ അദ്ദേഹത്തിനുണ്ടായിരുന്നു). ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ഞാൻ ദുആ ചെയ്തപ്പോൾ എനിക്ക് ഇൽഹാമുണ്ടായി: 'വിഷമങ്ങൾ അകലുന്നതാണ്.' കത്തുമുഖേന ഞാൻ അദ്ദേഹത്തിന് മറുപടി അയച്ചു. രണ്ടു നാലു ദിവസത്തിനുശേഷം ജീവിതമാർഗത്തിനുള്ള വഴി തുറക്കപ്പെട്ടു. അദ്ദേഹത്തിന് ദൃഢവിശ്വാസമായി. പിന്നീടൊരിക്കൽ അദ്ദേഹം തന്റെ രഹസ്യമായ ചില ഉദ്ദേശ്യങ്ങളെക്കുറിച്ച് എനിക്കെഴുതി. ആ കത്ത് അവിടെനിന്ന് പോസ്റ്റ് ചെയ്തയുടനെ എനിക്ക് ഇൽഹാമുണ്ടായി. കത്തു എനിക്ക് കിട്ടുന്നതിന് മുമ്പേ താങ്കൾ എനിക്ക് ഇന്ന വിഷയത്തെ കുറിച്ചുള്ള കത്ത് അയക്കുന്നതാണന്ന് അറിയിച്ചുകൊണ്ട് പെട്ടെന്ന് ഞാൻ ഒരു കത്തെഴുതി. രണ്ടു ദിവസം കഴിഞ്ഞാണ് അദ്ദേഹം അയച്ച കത്ത് എനിക്കു കിട്ടയത്. ഞാൻ അയച്ച കത്തു അദ്ദേഹത്തിന് കിട്ടിയപ്പോൾ താനെഴുതിയ രഹസ്യമായ കാര്യം തന്റെ കത്ത് കിട്ടുന്നതിനുമുമ്പേ എങ്ങനെയാണ് മനസ്സിലായതെന്നോർത്ത് വിസ്മയത്തിന്റെ നദിയിൽ അദ്ദേഹം മുങ്ങിപ്പോയി. കാരണം ആ രഹസ്യമായ കാര്യം താനല്ലാതെ മറ്റാരും അറിയുമായിരുന്നില്ല. ഇതോടെ അദ്ദേഹത്തിന്റെ വിശ്വാസം എത്രത്തോളം വർധിച്ചുവെന്നാൽ, എന്നോടുള്ള സ്നേഹത്തിലും അനുരക്തിയാലും അദ്ദേഹം അലിഞ്ഞു ചേർന്നു. മന്ത്രി സയ്യിദ് മുഹമ്മദ് ഹസൻ സാഹിബുമായി കൂടിക്കാഴ്ച നടന്നപ്പോൾ യാദൃച്ഛികമായി സംസാരമധ്യേ, മന്ത്രി സാഹിബും നവാബ് സാഹിബും തമ്മിൽ എന്റെ അത്ഭുതസിദ്ധിയേയും അടയാളങ്ങളേയും കുറിച്ച് പറയുകയുണ്ടായി. അപ്പോൾ നവാബ് സാഹിബ് മർഹൂം ഒരു ചെറുപുസ്തകം തന്റെ പോക്കറ്റിൽ നിന്നെടുത്ത് മന്ത്രി സാഹിബിന്റെ മുമ്പിൽ വെച്ചുകൊണ്ട് പറഞ്ഞു: 'എന്റെ ഈമാനിനും സ്നേഹത്തിനുമുള്ള കാരണം ഈ ചെറുപുസ്തകത്തിൽ രേഖപ്പെടുത്തയിട്ടുള്ള രണ്ടു പ്രവചനങ്ങളാണ്.

കുറച്ചുകാലത്തിനുശേഷം അദ്ദേഹത്തിന്റെ മരണത്തിനു ഒരു ദിവസം മുമ്പേ അദ്ദേഹത്തെ സന്ദർശിക്കാനായി ലുധിയാനയിലെ അദ്ദേഹത്തിന്റെ വീട്ടിൽ പോയി. ഉള്ളിലെ മുറിയിലാണ് കയറിയത്. അപ്പോൾ ആ ചെറുപുസ്തകം എടുത്തുകൊണ്ടുവന്നു. അദ്ദേഹം പറഞ്ഞു: 'ഞാൻ ജീവന്റെ കാവലായി ഇതു സൂക്ഷിച്ചു വെച്ചിരിക്കുകയാണ്. അതെടുത്തു കാണുമ്പോൾ എനിക്കു സംതൃപ്തി ഉണ്ടാകുന്നു. ആ രണ്ടു പ്രവചനങ്ങളും രേഖപ്പെടുത്തിയിട്ടുള്ള സ്ഥലം എനിക്കു കാണിച്ചുതന്നു.'

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: കുറച്ചു വർഷങ്ങൾക്കുമുമ്പേ മദ്രാസിലെ വ്യാപാരിയും ജമാഅത്തിലെ ഒന്നാം നിരയിൽപ്പെട്ട ആത്മാർഥതയുള്ള ദേഹവുമായ സേഠ് അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാനിൽ വന്നു. അദ്ദേഹത്തിന്റെ വ്യാപാരകാര്യങ്ങളിൽ എന്തോ വിളളലുകളും വിഷമങ്ങളും ഉണ്ടായിരുന്നു. അദ്ദേഹം ദുആയ്ക്കുവേണ്ടി എന്നോട് അപേക്ഷിച്ചു. അപ്പോൾ ഇൽഹാമുണ്ടായി: 'സർവശക്തനായ അല്ലാഹു പൊട്ടിത്തകർന്ന കാര്യങ്ങൾ ഉണ്ടാക്കുകയും, ഉണ്ടാക്കിയത് പൊട്ടിച്ച് തകർക്കുകയും ചെയ്യുന്നു. അതിന്റെ രഹസ്യം കണ്ടെത്താൻ ആർക്കും സാധ്യമല്ല.' അല്ലാഹു പൊട്ടിത്തകർന്ന കാര്യങ്ങൾ കൂട്ടിച്ചേർക്കുന്നു എന്നാണ് ഈ ഇൽഹാമീ വാക്യത്തിന്റെ ഉദ്ദേശ്യം. പിന്നെ കുറച്ചുകാലത്തിനുശേഷം ഉണ്ടാക്കിയതെല്ലാം പൊട്ടിച്ചു തകർക്കുകയും ചെയ്യും. അങ്ങനെ ഈ ഇൽഹാം ഖാദി

യാനിൽ സേഠ് സാഹിബിനെ കേൾപിച്ചു. കുറച്ചു ദിവസത്തിനുള്ളിൽ അല്ലാഹു അദ്ദേഹത്തിന്റെ വ്യാപാര കാര്യങ്ങളിൽ ഐശ്വര്യമുണ്ടാക്കി. പിന്നീട് ആ ശരിയായത്തീർന്ന ഐശ്വര്യം തകരുകയും ചെയ്തു.' (ഇൽഹാം അനുസരിച്ച് ആദ്യം വ്യാപാരത്തിൽ അഭിവൃദ്ധി ഉണ്ടായി. കുറച്ചു കാലത്തിനുശേഷം മെല്ലെമെല്ലെ അത് മോശമാകാൻ തുടങ്ങി. അങ്ങനെ വ്യാപാരം വീണ്ടും തകർന്നു.)

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് തന്നെക്കുറിച്ച് പറയുന്നു:'എനിക്ക് രണ്ടുരോഗങ്ങൾ കുറേ കാലമായിട്ടുണ്ടായിരുന്നു. ഒന്ന് കഠിനമായ തലവേദന. അതുണ്ടാകുമ്പോൾ പിടച്ചുപോകുമായിരുന്നു. അത് 25 വർഷംവരെ ഗുരുതരമായ രോഗമായി നിലനിന്നിരുന്നു. അതിനോടൊപ്പം തലകറക്കവും ഉണ്ടായി. ഈ രോഗത്തിന്റെ പര്യവസാനം അപസ്മാരം ആയിരിക്കുമെന്ന് വൈദ്യന്മാർ വിധി എഴുതി. എന്റെ മൂത്ത സഹോദരൻ മിർസാ ഗുലാം ഖാദിർ ഏകദേശം രണ്ടുമാസംവരെ ഈ രോഗത്തിന്നടിപ്പെട്ട് മരിക്കുകയാണുണ്ടായത്.' (അതായത് അദ്ദേഹത്തിന് അപസ്മാരമുണ്ടായി മരിച്ചു.) ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'അതുകൊണ്ട് അല്ലാഹു എന്നെ ആ രോഗത്തിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി ഞാൻ ദുആ ചെയ്തുകൊണ്ടേയിരുന്നു. ഒരു ദുവസം ജാഗ്രദർശനത്തിൽ എനിക്ക് കാണിച്ചു തന്നു: ഒരു കറുത്തനിറമുള്ള നാല്ക്കാലി മൃഗത്തിന്റെ രൂപത്തിൽ, അതിന് ചെമ്മരിയാടിനോളം പൊക്കമാണുണ്ടായിരുന്നത്. വലിയ വലിയ രോമവുമുണ്ടായിരുന്നു. വലിയ വലിയ കൈപ്പത്തികളായിരുന്നു. അത് എന്നെ ആക്രമിക്കാൻ മുതിർന്നു. ഇത് അപസ്മാരമാണെന്ന് എന്റെ മനസ്സിൽ ഇടപ്പെട്ടു. അപ്പോൾ ഞാൻ എന്റെ വലതുകൈ ശക്തിയോടെ അതിന്റെ നെഞ്ചത്തടിച്ചുകൊണ്ട് പറഞ്ഞു: ദൂരത്തു പോകൂ! നിനക്ക് എന്നിൽ ഒരു ഭാഗവുമില്ല. ഇതിനുശേഷം ആ ഭയാനകമായ രോഗം മാറിപ്പോയതായും ആ അസഹ്യമായ വേദന തികച്ചും ഇല്ലാതായതായും അല്ലാഹു അറിയുവന്നവനാണ്. ഇടയ്ക്കിടെ തലകറക്കം ഉണ്ടാകുമായിരുന്നു. അത് രണ്ടു മഞ്ഞ വസ്ത്രത്തിന്റെ പ്രവചനത്തിൽ വിള്ളലുണ്ടാകാതിരിക്കാൻ വേണ്ടിയായിരുന്നു.(മസീഹ് മൗഊദിനെക്കുറിച്ച് അദ്ദേഹം രണ്ടു മഞ്ഞ വസ്ത്രം പുതച്ചുകൊണ്ടാണ് വരികയെന്ന് പ്രവചനമുണ്ടായിരുന്നു. രണ്ടു മഞ്ഞ വസ്ത്രം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം രണ്ടുരോഗങ്ങളാണ്. ആദ്യമായി പറഞ്ഞത് തലകറക്കത്തിന്റെ ബുദ്ധിമുട്ടാണ്). രണ്ടാമത്തേത് പ്രമേഹമാണ്. അത് ഇരുപത് വർഷമായി എനിക്കുണ്ട്. ഈ അടയാളത്തെ കുറിച്ച് മുമ്പേയും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ഒരു ദിവസം ഞാൻ വിചാരിച്ചു, ഡോക്ടറുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ പ്രമേഹത്തിന്റെ അവസാന ഫലം നുസൂലുൽമാഅ് അഥവാ കാഴ്ച നഷ്ടപ്പെടലാണ്. അതേ സമയം നുസൂലുൽ മാഅ്നെ സംബന്ധിച്ച് എനിക്ക് ഇൽഹാമുണ്ടായി: "മൂന്ന് അവയവങ്ങളിൽ കാരുണ്യം ഇറക്കപ്പെട്ടിരിക്കുന്നു. കണ്ണിലും മറ്റു രണ്ട് അവയവങ്ങളിലും." പിന്നീട് ക്യാൻസറിന്റെ ചിന്തയുണ്ടായപ്പോൾ ഇൽഹാമുണ്ടായി:"അസ്സലാമു അലയ്ക്കും." ഇക്കാരണത്താൽ ഇപ്പോൾ ഒരുകാലം കഴിഞ്ഞിരിക്കുന്നു, ഞാൻ ഈ ബലാകളിൽനിന്ന് പൂർണമായും സുരക്ഷിതനായിരിക്കുന്നു.

ഹദ്റത്ത് അബ്ദുൽകരീം സാഹിബിന്റെ രോഗത്തെക്കുറിച്ച് പറയുന്നു, അദ്ദേഹത്തെക്കുറിച്ച് 'അദ്ദേഹത്തിന്റെ മരണമുണ്ടായപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന് വലിയ വിഷമം ഉണ്ടായെന്ന്'കഴിഞ്ഞ ഖുത്ബയിലും പറഞ്ഞിരുന്നതാണ്. എന്തായാലും അദ്ദേഹത്തിന് ഒരു വലിയ സ്ഥാനമുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അദ്ദേഹം സുഖമില്ലാതെ കിടപ്പിലായപ്പോൾ അദ്ദേഹത്തിന്റെ രോഗശമനത്തിനായി ദുആ ചെയ്തുകൊണ്ടിരുന്നു. അതുസംബന്ധമായുണ്ടായ ഒരു ഇൽഹാമിനെ പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'കഴിഞ്ഞ വർഷം 1905 ഒക്ടോബർ 11-ന് ബുധനാഴ്ച നമ്മുടെ ഒരു ആത്മാർഥ സ്നേഹിതൻ അതായത് മൗലവി അബ്ദുൽകരീം സാഹിബ് ക്യാൻസർ ബാധിച്ച് വഫാത്തായിരുന്നു. അദ്ദേഹത്തിനുവേണ്ടി ഞാൻ ഒരുപാട് ദുആ ചെയ്തു. എന്നാൽ, ഒരു ഇൽഹാമും അദ്ദേഹത്തിന് അനുകൂലമായിട്ടുണ്ടായില്ല. പ്രത്യുത ആവർത്തിച്ചാവർത്തിച്ച് 'കഫൻ പൊതിയപ്പെട്ടിരിക്കുന്നു' എന്ന ഇൽഹാമാണുണ്ടായിക്കൊണ്ടിരുന്നത്. 47 വയസ്സായിരുന്നു. **ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ! ഇന്നൽമനായാ ലാ തത്ഇശ് സഹാമുഹാ** അതായത് മരണത്തിന്റെ അമ്പ് പാഴായിപ്പോകുകയില്ല. എന്നിട്ടും ദുആ ചെയ്തപ്പോൾ ഇൽഹാമുണ്ടായി:**'യാഅയ്യുഹന്നാസുഅ്ബുദൂ റബ്ബക്കുമുല്ലദീ ഖലഖക്കും-തുഅ്ഥിറൂനൽ ഹയാത്തദ്ദുൻയാ** ജനങ്ങളേ! നിങ്ങളെ സൃഷ്ടിച്ചിട്ടുള്ള നിങ്ങളുടെ ദൈവത്തെ നിങ്ങൾ ആരാധിക്കുവിൻ. അതായത് അവനെ നിങ്ങളുടെ പ്രവർത്തനങ്ങളുടെ കാര്യങ്ങൾ നേരായി നടത്തുന്നവനായി മനസ്സിലാക്കുക. അവനിൽ തവക്കുൽ ചെയ്യുക. നിങ്ങൾ ഭൗതികജീവിതം സ്വീകരിക്കുകയാണോ? ഇതിലുള്ള സൂചന ആരെങ്കിലും കൂടിയ തീരു എന്ന മനസ്സിലാക്കുന്നത്, അതായത് അയാൾ മരിച്ചാൽ അങ്ങേയറ്റം പ്രശ്നമാകുമെന്ന് കരുതുന്നത് ഒരു ശിർക്കാണ്. അയാളുടെ ജീവിതം കിട്ടയെ തീരു എന്നതിൽ നിർബന്ധം പിടിക്കുന്നത് ഒരു തരം ആരാധനയാണ്. അതിനുശേഷം ഞാൻ മൗനം പാലിച്ചു. അദ്ദേഹത്തിന്റെ മരണം ഖണ്ഡിതമാണെന്ന് ഞാൻ മനസ്സിലാക്കി. അങ്ങനെ അദ്ദേഹം1905 ഒക്ടോബർ 11-ന് ബുധനാഴ്ച അസ്റിന്റെ നേരത്ത് ഈ നശ്വരമായ ലോകത്ത് നിന്ന് കടന്നുപോയി. അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യുമ്പോൾ എന്റെ മനസ്സിലുണ്ടായിരുന്ന വേദന അല്ലാഹു വിസ്മരിച്ചു കളഞ്ഞില്ല. ആ അപചയത്തെ മറ്റൊരു വിജയമാക്കിമാറ്റാൻ അല്ലാഹു ആഗ്രഹിച്ചു. അതുകൊണ്ട് ഈ അടയാളത്തിന്നായി അബ്ദുർറഹ്മാനെ തിരഞ്ഞെടുത്തു. അല്ലാഹു അബ്ദുൽകരീമിനെ നമ്മളിൽനിന്നെടുത്തെങ്കിലും അബ്ദുർറഹ്മാനെ വീണ്ടും നമുക്ക് തന്നു. അതേരോഗം അദ്ദേഹത്തിനുമുണ്ടായി. അവസാനം ഈയുള്ളവന്റെ ദുആ മുഖേന അദ്ദേഹം സുഖം പ്രാപിച്ചു. ഫൽഹംദു ലില്ലാഹി അലാ ദാലിക്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "എന്റെ നൂറുക്കണക്കിനുള്ള അനുഭവമാണ് അല്ലാഹു ഉദാരനും കാരുണ്യവാനുമാണെന്നത്. തന്റെ ഉദ്ദേശ്യത്താൽ ദുആ സ്വീകരിക്കുന്നില്ലെങ്കിൽ, അതിനുപകരം വേറൊരു ദുആ സ്വീകരിക്കുന്നു.' (ഇവിടെ ദുആയുടെ ആത്മാവ്, ഫിലോസഫി എന്നിവയെ കുറിച്ചും അറിയാൻ കഴിഞ്ഞു. തങ്ങളുടെ ദുആ സ്വീകരിച്ചില്ലെന്ന് ചിലയാളുകൾ പറയാറുണ്ട്. നബിമാരുടെ ദുആകളും ചിലഘട്ടങ്ങളി

ൽ അല്ലാഹുവിന്റെ വിധിയാണെങ്കിൽ സ്വീകരിക്കപ്പെടുകയില്ല. എന്നാൽ, അതിനുപകരം മറ്റു ദുആകൾ സ്വീകരിക്കുന്നു). ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'ഒരു ദുആ സ്വീകരിക്കുന്നില്ലെങ്കിൽ അതിനു പകരം മറ്റേതെങ്കിലും ദുആ സ്വീകരിക്കുന്നു. അത് ഫലത്തിൽ അതുപോലെ തന്നയായിരിക്കും.'പിന്നീട് തന്റെ സത്യത്തിനുള്ള തെളിവെന്ന നിലയിൽ പറഞ്ഞ പ്രവചനങ്ങളിൽ വിശുദ്ധ ഖുർആൻ പറഞ്ഞ ഒരു പ്രവചനം യാത്രാവാഹനമാണ്. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഒരു പുതിയ യാത്രാ വാഹനം പുറപ്പെടുന്ന അടയാളമാണത്. അത് മസീഹ് മൗഊദിന്റെ വെളിപ്പെടലിന്റെ പ്രത്യേക അടയാളമാണ്. വിശുദ്ധ ഖുർആനിൽ എഴുതിയിരിക്കുന്നു. **വ ഇദൽ ഇശാറു ഉത്തിലത്ത്** അവസാന കാലത്ത് ഒട്ടകളുടെ സവാരി നിറുത്തൽ ചെയ്യപ്പെടും. മുസ്ലിമിൽ പറഞ്ഞിരിക്കുന്നു: **ലയുത്റകന്നൽ ഖിലാസ്വു ഫലാ യുസ്ആ അലയ്ഹാ** ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടും; ആരും അവയിന്മേൽ സവാരി ചെയ്യുകയില്ല. ഹജ്ജിന്റെ വേളകളിൽ മക്ക മുഅള്ളമയിൽനിന്ന് മദീന മുനവ്വറയിലേക്ക് ഒട്ടകപ്പുറത്താണ് യാത്ര ചെയ്തിരുന്നത്. ആ യാത്രക്കായി റയിൽ തയ്യാറാകുന്ന കാലം വിദൂരമല്ല. ആ യാത്ര ചെയ്യുമ്പോൾ **ലയുത്റകന്നൽ ഖിലാസ്വു ഫലാ യുസ്ആ അലയ്ഹാ** എന്നത് അന്വർഥമാകും.(ഇതിനുശേഷം ഹുദൂർ അൻവർ അയ്യദഹുല്ലാഹ്, അബ്ദുല്ലാഹ് ആഥമിനെക്കുറിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനം വിശദീകരിച്ച് പറഞ്ഞു).

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'വിശുദ്ധ ഖുർആനിന്റെ അനുഗ്രഹങ്ങൾ മനുഷ്യശക്തികൾക്കതീതമാണ്. വിശ്വാസികളെ അടയാളങ്ങൾ കാണിച്ചുകൊണ്ട് അത് ദൃഢതരമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. വിശുദ്ധ ഖുർആനിൽനിന്നും പിന്നീട് അതിന്റെ ബർക്കത്തുകളിൽനിന്നും മുഅ്ജിസത്തുകൾ (അത്ഭുതപ്രവർത്തി)വെളിപ്പെടുന്നു. വലിയ അത്ഭുതകരമായ അടയാളങ്ങൾ വെളിപ്പെടുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'ഞാൻ ഈ ഖുർആനികാനുഗ്രഹങ്ങളെ ഖിസ്സ എന്ന നിലയിലല്ല വിവരിക്കുന്നത്. വിശുദ്ധ ഖുർആനിന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്കുള്ള വെറും കഥകളല്ല. എനിക്കു കാണിക്കപ്പെട്ട ആ ദിവ്യാത്ഭുതങ്ങൾ ഞാൻ സമർപിക്കുകയാണ്. അത് ഒരു ലക്ഷത്തോളം വരും. എന്നല്ല അതിലേറെയുണ്ട്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞിട്ടുള്ളത് തന്റെ ഈ ഗ്രന്ഥത്തെ പിൻപറ്റുന്നവൻ തന്റെ ഈ ഗ്രന്ഥത്തിന്റെ ദിവ്യാത്ഭുതങ്ങളിൽ വിശ്വസിക്കുന്നവൻ മാത്രമല്ല അവനും ദിവ്യാത്ഭുതം നല്കപ്പെടുമെന്നാണ്. അതുകൊണ്ട് ഞാൻതന്നെയും ആ അത്ഭുതങ്ങൾ ദൈവഗ്രന്ഥത്തിന്റെ സ്വാധീനംകൊണ്ട് പ്രാപിച്ചു. അത് മനുഷ്യശക്തികൾക്കതീതവും അല്ലാഹുവിന്റെ പ്രവർത്തിയൊന്നു മാത്രവുമാണ്. ഭൂമിയിലുണ്ടായിട്ടുള്ള ഭൂകമ്പങ്ങൾ, ലോകത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന പ്ലേഗ്. അവ രണ്ടും എനിക്കു കാണിക്കപ്പെട്ട ദിവ്യാത്ഭുതങ്ങളിൽപ്പെട്ടതാണ്. ഞാൻ വിപത്തുകളുടെ പേരും അടയാളവും ഒന്നുമില്ലാതിരുന്ന കാലത്ത് 25 വർഷം മുമ്പേ എന്റെ ഗ്രന്ഥമായ ബറാഹീനെ അഹ്മദിയ്യായിൽ ഈ ദുരന്തങ്ങളെക്കുറിച്ച് അത് വരാൻപോകുന്നുവെന്ന് പ്രവചനമെന്ന നിലയിൽ പ്രസിദ്ധീകരിച്ചിരുന്നു. അങ്ങനെ ആ വിപത്തുകൾവന്നു. ഇപ്പോഴും തീർന്നിട്ടില്ല. എന്നല്ല വരുന്ന വിപത്തുകൾ ഇപ്പോൾ വന്നതിനെക്കാൾ ഭയാനകമായിരിക്കും. ഭയാനകമായ മറ്റൊരു പ്ലേഗും വെളിപ്പെടുന്നതായിരിക്കും. അത് ഈ രാജ്യത്തും മറ്റു രാജ്യങ്ങളിലും വെളിപ്പെടുന്നതായിരിക്കും. ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായിരിക്കും. ലോകത്തിന്റെ കർമങ്ങൾ ഇപ്പോൾ അല്ലാഹുവിൽനിന്ന് അകന്നുകൊണ്ടിരിക്കുകയാണ്. അകന്നുകൊണ്ടിരിക്കുന്നുവെന്ന് മാത്രമല്ല പ്രത്യുത അക്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. അത് ഈ വിപത്തുകളെ വീണ്ടും വിളിച്ചുവരുത്തുന്നതിനുവേണ്ടി സ്വയം അവരുടെ കർമങ്ങൾ ധിറുതി കാണിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ.' അഹ്മദികൾക്ക് ദുആ ചെയ്യുന്നതിന് തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ കർമങ്ങൾ നേരായ രീതിയിൽ വെക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. മുസ്ലിം രാഷ്ട്രങ്ങളിലും ഇതേ അവസ്ഥതന്നെയാണുള്ളത്. ദൈവത്തിൽനിന്ന് മുസ്ലീംകൾ തന്നെയും അകന്നുകൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്. വിളിക്കുന്നയാൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ നേരായമാർഗത്തിലൂടെ നടക്കാൻ പറയുമ്പോൾ പരിഹസിക്കുകയും നിന്ദിക്കുകയും ഇയാൾ കുഴപ്പങ്ങൾ പരത്താനും അസ്വസ്ഥത ഉണ്ടാക്കാനും ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന് പറയുകയും ചെയ്യുന്നു.

ഇപ്പോൾ പുതിയ രീതിയിൽ ആ ശക്തികളെ ജീവിപ്പിക്കാൻ അല്ലാഹു ആഗ്രഹിക്കുന്നു. എപ്പോഴും **യുഹ്യിൽ അർള ബഅ്ദ മൗത്തിഹാ** ചെയ്തുകൊണ്ടിരുന്ന ആ അല്ലാഹു അത് തീരുമാനിക്കുകയും അതിനുവേണ്ടി വിവിധ വഴികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരു ഭാഗത്ത് മൃദുലമായ വാക്കുകളിൽ ജനങ്ങളെ ക്ഷണിക്കാനും അവർക്ക് മാർഗദർശനം നല്കാനും ദൈവനിയോഗിതനെ അയച്ചു.'(അതായത് തന്റെ വരവിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുകയാണ്).ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'മറുഭാഗത്ത് ശാസ്ത്രത്തിന്റേയും സാങ്കേതികവിദ്യകളുടേയും പുരോഗതിയാണ്.'ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'ന്യായപൂർത്തിവരുത്താൻ ആകാശം അടയാളം കാണിച്ചുകൊണ്ടിരിക്കുന്നു.'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തും ഒരുപാട് അടയാളങ്ങൾ വെളിപ്പെട്ടിരുന്നു; വെള്ളപ്പൊക്കത്തിന്റേയും സൂര്യചന്ദ്രഗ്രഹണങ്ങളുടേയും ഭൂകമ്പങ്ങളുടേയും അടയാളങ്ങൾ! ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'പിന്നീട് ഭയാനകമായ അടയാളങ്ങളുടെ പരമ്പരയും വെക്കപ്പെട്ടിരിക്കുന്നു. അവയിൽ പ്ലേഗും ഒരു അടയാളമാണ്. അതിപ്പോൾ കഠിനതരമായി വ്യാപിച്ചുകൊണ്ടിരിക്കുകയാണ്.'(അതായത് അക്കാലത്തുണ്ടായിരുന്നത് അതിനുമുമ്പേ ഉണ്ടായിരുന്ന തലമുറ കണ്ടിട്ടുണ്ടാകുകയില്ല.)ഈ അടയാളങ്ങളിൽനിന്നും ദൃഷ്ടാന്തങ്ങളിൽനിന്നും ഫലമെടുത്തുകൊണ്ടിരിക്കുന്ന ധാരാളമാളുകൾ ഉണ്ട്. അവർ ആ അധ്യാപനം മനസ്സിലാക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങളെ മനസ്സിലാക്കുന്നു. പിന്നീട് അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്യുന്നു. എല്ലാ നാട്ടിലും എല്ലാ ജനവിഭാഗങ്ങളിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നൂറുക്കണക്കിന്, ആയിരക്കണക്കിന് എന്നല്ല ലക്ഷക്കണക്കിനാളുകൾ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു.

വേറൊരുസ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'എന്റെ കൈയാൽ പ്രകടമായതും പ്രകടമായിക്കൊണ്ടിരിക്കുന്നതുമായ ഈ മുഅ്ജിസത്തുകൾക്കും പ്രവചനങ്ങൾക്കും തുല്യമായത് അതിന്റെ വലുപ്പത്തിന്റേയും അവസ്ഥയുടേയും തെളിവുകളുടേയും അടിസ്ഥാനത്തിൽ തിരഞ്ഞ് തിരഞ്ഞ് മരിച്ചാലും ആർക്കും സമർപിക്കാൻ സാധ്യമല്ല. എന്നല്ല ഇപ്പോൾ അല്ലാഹുവിന്റെ പ്രവർത്തനപരമായ സാക്ഷ്യങ്ങളിൽ നിത്യവും വർധനവുണ്ടായിക്കൊണ്ടിരിക്കുകയും അത് നിത്യവും നാം കാണുകയും ചെയ്യുന്നു.' ഇക്കാലത്ത് ലോകത്തിന്റെ ശ്രദ്ധ ഉണ്ടായിക്കൊണ്ടിരിക്കുകയും ജമാഅത്തിന്റെ സന്ദേശം കേട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. മാധ്യമങ്ങളുടെ ശ്രദ്ധയും ഏതെങ്കിലുമൊക്കെ തന്ത്രങ്ങളാലും ഏതെങ്കിലുമൊക്കെ കാരണങ്ങളാലും ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നത് ദൃഷ്ടാന്തങ്ങളിൽ ഒരു ദൃഷ്ടാന്തമാണ്. എന്തായാലും ദൃഷ്ടാന്തങ്ങൾ എല്ലാ ബുദ്ധിമതികൾക്കും വേണ്ടി എല്ലാ ദിവസവും വെളിപ്പെടുന്നു. വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. വേറൊരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'അല്ലാഹു തന്റെ ജമാഅത്തിനെ തെളിവില്ലാതെ ഉപേക്ഷിക്കുക ഇല്ലെന്നത് സ്മരണാർഹമായ കാര്യമാണ്. അവൻ പറയുന്നു:"ലോകത്ത് ഒരു താക്കീതുകാരൻ വന്നു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുന്നതുമാണ്. ആരാണോ നിഷേധിച്ചത്, നിഷേധിക്കുന്നതിനുവേണ്ടി തയ്യാറായിരിക്കുന്നത് അവർക്ക് നിന്ദ്യതയും നീചത്വവും വിധിക്കപ്പെട്ടിരിക്കുന്നു. ഇതു മനുഷ്യന്റെ കറ്റുകെട്ടാണെങ്കിൽ എപ്പോഴേ നശിച്ചുപോയിട്ടുണ്ടാകും എന്ന് ചിന്തിക്കുന്നില്ല. കാരണം അല്ലാഹു കെട്ടിപ്പറയുന്നവന്റെ ശത്രുവാണ്. ലോകത്ത് അവനോടുള്ള ശത്രുതപോലെ മറ്റാരോടും അവനില്ല. എന്റെ കൂടെയുള്ളവർ എന്റെ ഇഷ്ടത്തിനനുസരിച്ച് തങ്ങളുടെ ഇഷ്ടത്തെ ഉപേക്ഷിച്ചിട്ടുള്ളവരാണ്. തങ്ങളുടെ ആഗ്രഹങ്ങൾ എടുക്കാനും ഉപേക്ഷിക്കാനും എന്നെ അവർ വിധികർത്താവാക്കുന്നു. ഇപ്പോൾ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ഒരു പാട് എഴുതിക്കഴിഞ്ഞിട്ടുള്ളതായി എനിക്കറിയാം. ഇക്കാര്യം ശരിയാണെന്നും നേരാണെന്നും അല്ലാഹു അറിയുന്നു. ഇപ്പോൾ വരെ മൂവായിരത്തിന്നടുത്ത് കാര്യങ്ങൾ എനിക്കുവേണ്ടി അല്ലാഹുവിൽനിന്ന് വെളിപ്പെട്ടിരിക്കുന്നു. അത് മനുഷ്യശക്തികൾക്കതീതമായിട്ടുള്ളതാണ്. തുടർന്നും അതിന്റെ വാതിലുകൾ അടഞ്ഞിട്ടില്ല.' ദൃഷ്ടാന്തങ്ങളെ മനസ്സിലാക്കുന്നവരാകാൻ അല്ലാഹു ലോകത്തിന് ബുദ്ധിനല്കുമാറാകട്ടെ. തങ്ങളുടെ ബുദ്ധിയും ആഗ്രഹവുമനുസരിച്ച് അടയാളങ്ങൾ വെളിപ്പെടണമെന്ന് ശഠിക്കുന്നവരാകാതിരിക്കട്ടെ. ദൈവനിയോഗിതന്റെ ആവശ്യകത വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്ന കാലത്തിന്റെ ശബ്ദവും അവസ്ഥയും അവർ കേൾക്കുമാറാകട്ടെ. അത് മനസ്സിലാക്കാൻ ശ്രമിക്കുന്നവരാകട്ടെ. ഈ ലോകത്ത് നിന്ന് ഫസാദുകൾ അവസാനിക്കുന്നതിനുവേണ്ടി അല്ലാഹു അയച്ച ആളെ അന്വേഷിച്ച് കണ്ടെത്തി വിശ്വസിക്കുന്നവരാകട്ടെ.

**ജനാസഗായിബ്:-** പരേതനായ അബ്ദുൽ ഗഫ്ഫാർ സാഹിബിന്റെ മകൻ ഗുലാം ഖാദിർ സാഹിബ് ദർവേശ് ഖാദിയാന്റെ ജനാസ ഗാഇബ് ഇന്ന് നമസ്കരിപ്പിക്കുന്നതാണ്. 2014 നവംബർ 12-ന് 90-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. اِنَّا لِلّٰہِ وَاِنَّاۤ اِلَیۡہِ رٰجِعُوۡنَ അദ്ദേഹം 313 ദർവേശുമാരിൽപ്പെട്ടയാളാണ്. അഹ്മദിയ്യാ ചരിത്രത്തിൽ ദർവേശുകളിൽ 189-ാമനായി അദ്ദേഹത്തിന്റെ പേര് രേഖപ്പെടുത്തിയിരിക്കുന്നു. 1925 ഏപ്രിൽമാസത്തിൽ ഗുജറാത്തിലെ ശാദീവാളിൽ അദ്ദേഹം ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം കരസ്ഥമാക്കിയത് അവിടെത്തന്നെയാണ്. സൈന്യത്തിൽ ചേർന്നു. ജോലിയിൽ പ്രവേശിച്ച് നാലുവർഷം കഴിഞ്ഞപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ 'ഹിഫാളത്തെ മർക്കസിനുവേണ്ടി യുവാക്കൾ തങ്ങളുടെ ജീവിതം അർപണം ചെയ്യുക'എന്ന ആഹ്വാനം ഉണ്ടായപ്പൾ 1947-ൽ ഖാദിയാനിൽ ഹാജരായി. തബ്‌ലീഗിനും വളരെ താൽപര്യമായിരുന്നു. സിക്കുകാരെ പ്രത്യേകിച്ചും തബ്‌ലീഗ് ചെയ്തിരുന്നു. രോഗമുണ്ടായിട്ടും ക്ഷീണിതനായിരുന്നിട്ടും അവസാന സമയംവരെ മസ്ജിദ് മുബാറക്കിൽപോയി നമസ്കരിക്കുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ.

ഇദ്ദേഹത്തിനു പുറമെ കുറച്ചുമാസം മുമ്പേ വഫാത്തായ മറ്റു രണ്ടു ദർവേശുമാരുമുണ്ട്. അവരുടെ ജനാസ ഗായിബ് മുമ്പേ നമസ്കരിച്ചതാണ്. പക്ഷേ, അനുസ്മരണം നടത്തിയിരുന്നില്ല. ഇന്ന് അവരെക്കുറിച്ചും പറയാനാഗ്രഹിക്കുകയാണ്. സ്നേഹിതന്മാർ അവരേയും അവരുടെ മക്കളേയും ദുആയിൽ ഓർക്കുക. ഈ ദർവേശുമാരും വലിയ വലിയ ത്യാഗങ്ങൾ വരിച്ചവരാണ്. ഒരു ദീർഘകാലം കൊടും ദാരിദ്രത്തിൽ, വളരെ നിസാരമായ അവസ്ഥയിൽ, വളരെ ചുരുങ്ങിയ ചെലവിൽ ഖാദിയാനിൽ ജീവിച്ചു. അല്ലാഹുവിന്റെ ചിഹ്നങ്ങളെ സംരക്ഷിക്കുന്നതിലുള്ള കടമ നിർവഹിച്ചു. അവരിൽ ഒരാൾ മിർസാ ആദംബേഗ് സാഹിബിന്റെ മകനായ മിർസാ മുഹമ്മദ് ഇഖ്ബാൽ സാഹിബാണ്. ഇദ്ദേഹം 2014 ജൂൺ 11-ന് വഫാത്തായി.اِنَّا لِلّٰہِ وَاِنَّاۤ اِلَیۡہِ رٰجِعُوۡنَ അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മിർസാ റസൂൽബേഗ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. മാതാമഹൻ ഹദ്റത്ത് മിർസാ രിയാള് ബേഗ് സാഹിബും സ്വഹാബിയായിരുന്നു. ഇവർ ആദ്യകാലത്തെ 313 ദർവേശുമാരിൽപ്പെട്ടവരാണ്.

ചൗദരീ മൻളൂർ അഹ്മദ് സാഹിബ് ചീമ 2014 ജൂലായ് 26 -ന് 94-ാം വയസ്സിൽ വഫാത്തായി. اِنَّا لِلّٰہِ وَاِنَّاۤ اِلَیۡہِ رٰجِعُوۡنَ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ ചൗദരീ നൂർ അലി സാഹിബ് ചീമയുടെ മൂത്തമകനായിരുന്നു അദ്ദേഹം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)മർക്കസിന്റെ സംരക്ഷണത്തിനായി ജമാഅത്ത് സ്നേഹിതന്മാരോട് ആഹ്വാനം ചെയ്തപ്പോൾ ബ്രിട്ടൺ സൈന്യത്തിൽ ചേർന്നിരുന്ന അദ്ദേഹം ഉടനെ തന്റെ സേവനം സമർപിക്കുകയും ദർവേശാകാനുള്ള ഭാഗ്യം കരസ്ഥമാക്കുകയും ചെയ്തു. വാർദ്ധക്യം പ്രാപിച്ചിട്ടും ദീർഘനാൾവരെ ഊന്നുവടിയുടെ സഹായത്താൽ മസ്ജിദിൽ വന്ന് നമസ്കരിക്കുമായിരുന്നു. ആത്മാർഥനും സൽസ്വഭാവിയും പ്രസന്നനും ദയാലുവും സ്നേഹംവെച്ചു പുലർത്തുന്ന ആളും മൂസിയുമായിരുന്നു.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 21.11.14
Summarized by Majlis Ansarullah,Bharat
Malayalam Translation : Mau.Mohammad Ismail Alleppey For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala

To